ദേശീയപാതകൾ ഗതാഗതയോഗ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ

207 (804) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പ്രധാന ദേശീയപാതകൾ എല്ലാം പൊട്ടിപ്പൊളിഞ്ഞ് ഗതാഗത യോഗ്യമല്ലാതെ കിടക്കുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) ദേശീയപാത അറ്റകുറ്റപ്പണി ഏത് ഏജൻസിയാണ് നടത്തേണ്ടത് ;

(സി) പ്രസ്തുത ഏജൻസി ശരിയായി പ്രവർത്തിക്കുന്നീല്ലെങ്കിൽ ദേശീയപാത അറ്റകുറ്റപ്പണി സംസ്ഥാന സർക്കാർ നടത്തുന്നതിന് തീരുമാനമെടുക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്തെ മിക്ക ദേശീയ പാതകളിലും അഗാധഗർത്തങ്ങളും, വൻകുഴികളും കാരണം ധാരാളം അപകടങ്ങൾ ഉണ്ടാകുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രധാന ദേശീയപാതയായ എൻ.എച്ച്.47 പൊതുവെ ഗതാഗതയോഗ്യമാണ്. നീണ്ടുനിന്ന മഴമൂലമുണ്ടായ കെടുതികൾ പരിഹരിക്കുവാൻ എല്ലാ ദേശീയപാതകളിലും അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾ ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. കേന്ദ്രഫണ്ട് ഉപയോഗിച്ചാണ് ദേശീയപാതകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതെങ്കിലും സാഹചര്യത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കേന്ദ്ര ഫണ്ടിനായി കാത്തുനിൽക്കാതെ ആവശ്യമായ തുക ലഭ്യമാക്കി അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.

(ബി&സി) ദേശീയപാതയുടെ അറ്റകുറ്റപ്പണി സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള എൻ.എച്ച്. വിഭാഗമാണ് നടത്തുന്നത്. നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറിയ റീച്ചുകളിൽ അതോറിറ്റിയാണ് അറ്റകുറ്റപ്പണി നടത്തുന്നത്.

(ഡി) ദേശീയപാതയിൽ ഇപ്പോൾ അഗാധഗർത്തങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നീണ്ടുനിന്ന കാലവർഷംമൂലം ഉണ്ടായിട്ടുള്ള കുഴികൾ അടച്ച് ദേശീയപാത ഗതാഗത യോഗ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര ഫണ്ട് ലഭിക്കുവാൻ വൈകിയ സാഹചര്യത്തിൽ സ്റ്റേറ്റ് ഫണ്ടിൽനിന്നും ആവശ്യമായ തുക അനുവദിച്ച് കുഴി അടയ്ക്കൽ പണികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുവാൻ സർക്കാർ ശ്രമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly